# 2025-26

# Academic Master Plan




## അടിസ്ഥാന വിവരങ്ങൾ

**വിദ്യാലയം: സെൻ്റ് ജോസഫ്സ് എൽ പി എസ് കറുകുറ്റി**

**ഗ്രാമപഞ്ചായത്ത്: കറുകുറ്റി**

**വിദ്യാഭ്യാസ ഉപജില്ല: അങ്കമാലി**

**വിദ്യാഭ്യാസ ജില്ല :ആലുവ**

**റവന്യൂ ജില്ല: എറണാകുളം**

**ബി ആർ സി : അങ്കമാലി**

# ഉള്ളടക്കം

ആമുഖം

പൊതുലക്ഷ്യങ്ങൾ

പദ്ധതി രൂപീകരണ പ്രക്രിയ

പ്രതീക്ഷിത നേട്ടങ്ങൾ

ഉപസംഹാരം

## ആമുഖം

1938ൽ CMC സിസ്റ്റേഴ്സിനാൽ സ്ഥാപിതമായ കറുകുറ്റി സെന്റ് ജോസഫ്സ് എൽ പി സ്കൂൾ ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയുടെ ആണിക്കല്ലാണ് കുട്ടികളുടെ സമഗ്രവും സർവ്വതോന്മുഖവുമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് ഗുണമേന്മയുള്ളതും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം പ്രദാനം ചെയ്ത് മികവിന്റെ പാതയിൽ 86 വർഷങ്ങൾ പിന്നിട്ട് ഈ വിദ്യാലയം ഇന്നും പ്രൗഢിയോടെ പ്രശോഭിക്കുന്നു. എല്ലാത്തരംകുട്ടികളെയും ഉൾചേർത്തുകൊണ്ട് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കമാലി ഉപജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നാണിത്. മികച്ച ഭൗതിക സാഹചര്യങ്ങളും

മെച്ചപ്പെട്ട പഠനാന്തരീക്ഷവും നിലനിർത്തി കലാനുസൃതമായ മാറ്റങ്ങൾക്ക് അനുസരിച്ച് പഠനപ്രവർത്തനങ്ങൾ വൈവിധ്യവത്ക്കരിക്കുന്നതിൽ ഈ വിദ്യാലയം പ്രത്യേകം ശ്രദ്ധ പുലർത്തുന്നു.

## നിലവിലെ അവസ്ഥ

മൂന്നു നിലകളിലായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന്റെ താഴത്തെ നിലയിൽ ഓഫീസ് റൂം,സ്റ്റാഫ് റൂം, നഴ്സറി,ഒന്നാം ക്ലാസ്സ്, ടോയ്‌ലറ്റ് എന്നിവയും ഒന്നാമത്തെ നിലയിൽ രണ്ട് മൂന്ന് നാല് ക്ലാസുകൾ സ്മാർട്ട് ക്ലാസ്സ് റൂം എന്നിവയും പ്രവർത്തിക്കുന്നു മൂന്നാമത്തെ നിലയിൽ വിശാലമായ ഓഡിറ്റോറിയവും ഉണ്ട്.MLA ഫണ്ടിൽ നിന്നും ലഭ്യമായിട്ടുള്ള പുതിയ അടുക്കള,അധ്യാപകർക്കും കുട്ടികൾക്കും വെവ്വേറെ ശുചി മുറികൾ, കുടിവെള്ളം, നഴ്സറി, പ്രൈമറി കുട്ടികൾക്ക് കൈകഴുകുന്നതിന് വെവ്വേറെ പൈപ്പുകൾ, കുട്ടികളുടെ പാർക്ക്, കിളിക്കൂട്, പൂന്തോട്ടം,അക്വേറിയം, എന്നിവയെല്ലാം ഉൾച്ചേർന്ന  ആകർഷകമായ സ്കൂൾ അന്തരീക്ഷം.

## പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയെന്നു ഉറപ്പുവരുത്തുക.

- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷിലും ഉയർന്ന ശേഷി കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

- കുട്ടികളുടെ സർഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകളെ പരമാവധി വളർത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക.

- കുട്ടികളിൽ സാഹിത്യാഭിരുചിയും, വായനാ ശീലവും വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

## ലക്ഷ്യം

മൂല്യാധിഷ്ഠിതവും കലാനുസൃതവും ആസ്വാദകരവുമായ പഠനവും പഠനാന്തരീക്ഷവും ഉറപ്പാക്കുക.

ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യുന്നതിൽ ഓരോ കുട്ടിയും പ്രാവീണ്യം നേടുക.

# പ്രവർത്തന പദ്ധതികൾ.

മലയാളം.


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|
| 1. മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |
| 2. എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (വായനാകാർഡ് - 1,2 ക്ലാസുകളിൽ) | June - March | Class teacher | |
| 3. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാരരൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | June - March | Language teacher | |
| 4. ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ, കവിതകൾ ഇവയുടെ ദൃശ്യാവിഷ്കാരം. | June - March. | School. Language club. Class teacher | |

English.

| Aim. | Activities | Time | Responsibility | Fund. |
|---|---|---|---|---|
| * English Assembly | Students conduct assembly in English | Once in a week. | English club. | |
| * Diary writing | Students used to write their experiences as diary notes in English every day. | Once in a week. (Checked by teacher) | Class teacher | |
| * Express their thoughts and ideas in English | with the help of parents and PTA, we can make reading cards and Picture ~~dicto~~ dictionary | July – March. | PTA. | |
| * Create more opportunities for speaking English in the classroom. | Classroom communication should be in English. ~~Pro~~ Use simple sentences like May I drink water, May I go to toilet etc. | June – March | Class teacher | |

## ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG. | 2000/- |
| * അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്. | എല്ലാ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ, ഗണിതലാബ് സജ്ജമാക്കൽ | June. | School Management Class teacher | 4000/- |
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. | June - August | Class teacher | |
| * ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പ് വരുത്തുന്നു. | June - March | Class teacher | |
| * ഉല്ലാസഗണിത പ്രവർത്തനങ്ങൾ നടപ്പാക്കൽ | ഗണിത കളികളിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കുന്നു. | Once in a week. | Maths teacher | |



പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| → കുട്ടികളിൽ ശാസ്ത്രപഠന താത്പര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യൽ, പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | June - March | Science teacher | |
| → ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ. | June - March | EVS-teacher | 3000/- |
| → ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ - പരിസരബന്ധിത പഠനം. | ജീവികളുടെ പരസ്പരാശ്രയത്വം ആവാസവ്യവസ്ഥ എന്നിവ നേരിട്ട് കണ്ട് മനസ്സിലാക്കുന്നു. | Once in an year. | HM, Class teacher, PTA. | |
| → ആനുകാലിക ശാസ്ത്രനേട്ടങ്ങൾ പരിചയപ്പെടൽ. | ശാസ്ത്രബന്ധിത പത്രവാർത്തകൾ ശേഖരിക്കൽ ക്ലാസ്സിൽ അവതരിപ്പിക്കൽ | Every month | Students and Teachers | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനം ഒരുക്കുന്നു.
- സ്ക്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കും കഴിവിനും അനുസരിച്ച് ഉയർത്തിക്കൊണ്ട് വരാൻ കഴിയുന്നു.

ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും SMC, PTA എന്നിവയുടെ സഹകരണത്തോടെയും ഈ നേട്ടങ്ങൾ കൈവരിക്കാൻ

സാധിക്കുമെന്ന് ആത്മവിശ്വാസത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അതിനു സാധിക്കും എന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്.

## ഉപസംഹാരം

കറുകുറ്റി സെന്റ് ജോസഫ്സ് എൽപി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തറയാറാക്കിയതാണ് കുട്ടികളുടെ സർവ തോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധം ആയിട്ടുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ സ്കൂൾ PTA യുടേയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെയും സഹായത്താൽ സാധിക്കുമെന്ന് ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്